694

## "ഭരണഭാഷ - മാതൃഭാഷ"

സി.3496/19

ട്രൈബൽഡവലപ്മെന്റ്ആഫീസ്,
ckdldo@gmail.com
Phone : 0480-2706100,
ചാലക്കുടി-680 307, തീയതി 22.01.2020

ഇ.ആർ.സന്തോഷ് കുമാർ,
ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ഇരിങ്ങാലക്കുട / ചാവക്കാട് / തൃശൂർ.

സർ,

വിഷയം : പവവി. – 2019-20 – അദ്ധ്യയന വർഷം 9,10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ് – ഇ-ഗ്രാന്റ്സ് മുഖേന ഡി.ബി.റ്റി ആയി വിതരണം ചെയ്യുന്നത് നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന : ഈയാഫീസിലെ 10.1.2020-ലെ ഇതേ നമ്പർ കത്ത്.

---

കേരളത്തിലെ സർക്കാർ/എയ്ഡഡ്/അംഗീകൃത സ്വകാര്യ സ്കൂളുകളിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് ഈ അദ്ധ്യയന വർഷം മുതൽ കേന്ദ്രീകൃത സംവിധാനം വഴി ഡി.ബി.റ്റി ആയി വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശൂർ ജില്ലയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം നടത്തുന്ന വിദ്യാലയങ്ങളിലേക്ക് മാർഗ്ഗനിർദ്ദേശങ്ങൾ ഇ-മെയിൽ മുഖേന നൽകിയിട്ടുണ്ട്.

എന്നാൽ സ്കൂളുകളിൽനിന്നും 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ക്ലെയിം ഒന്നുംതന്നെ ഈയാഫീസിൽ ലഭ്യമായിട്ടില്ല.

ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ കൊടുത്ത് 5 ദിവസത്തിനകം മുഴുവൻ വിദ്യാർത്ഥികളുടെയും ക്ലെയിമുകൾ സമർപ്പിക്കുന്നതിന് താങ്കളുടെ ഭാഗത്തുനിന്ന് നിർദ്ദേശം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ ഉള്ളടക്കം ചെയ്തിരിക്കുന്നവ എല്ലാ സ്കൂളുകളിലേക്കും സർക്കുലേറ്റ് ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ട്രൈബൽ ഡവലപ്മെന്റ് ആഫീസർ
TRIBAL DEVELOPMENT OFFICER
CHALAKUDY THRISSUR(Dt)

TRIBAL DEVLOPMENT OFFICE CHALAKUDY,THRISSUR Date....................

ഉള്ളടക്കം :
1) സൂചന കത്ത്
2) സർക്കുലർ
3) മാർഗ്ഗരേഖ

**ഭരണഭാഷ - മാതൃഭാഷ**

സി.3496/19

ട്രൈബൽഡവലപ്മെന്റ്ആഫീസ്,
ckdtdo@gmail.com
Phone : 0480-2706100.
ചാലക്കുടി-680 307, തീയതി 10.01.2020

ഇ.ആർ.സന്തോഷ് കുമാർ,
ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ.

സ്ഥാപനമേധാവി.

സർ,

വിഷയം : പവവി. – 2019-20 – അദ്ധ്യയന വർഷം 9,10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ് – ഇ-ഗ്രാന്റ്സ് മുഖേന ഡി.ബി.റ്റി ആയി വിതരണം ചെയ്യുന്നത് നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന : 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരിന്റെ സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച് Minister of Tribal (MoTA) ന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ.

---

കേരളത്തിലെ സർക്കാർ/എയ്ഡഡ്/അംഗീകൃത സ്വകാര്യ സ്കൂളുകളിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് ഈ അദ്ധ്യയന വർഷം മുതൽ കേന്ദ്രീകൃത സംവിധാനം വഴി ഡി.ബി.റ്റി ആയി വിതരണം ചെയ്യണമെന്ന് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സംവിധാനമായ ഇ-ഗ്രാന്റ്സ് പോർട്ടലിൽ (ഇ-ഗ്രാൻസ് 3.0) ആവശ്യമായ ഭേദഗതികൾ വരുത്തി പ്രസ്തുത സ്കോളർഷിപ്പ് സ്കീം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പാണ് ഇ-ഗ്രാന്റ്സ് പോർട്ടലിന്റെ അപ്ഡേഷനും മെയിന്റനൻസും നടത്തുന്നത്. കേരളത്തിലെ അംഗീകൃത സ്വകാര്യ സ്കൂളുകൾ ഉൾപ്പെടെ എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകൾക്കും ഇ-ഗ്രാൻസ് പോർട്ടലിൽ ലോഗിൻ ചെയ്ത് കുട്ടികളുടെ വിവരങ്ങൾ നൽകുന്നതിനും സ്കോളർഷിപ്പിനായി അപേക്ഷിക്കുന്നതിനും വേണ്ടി യൂസർ നെയിം, പാസ് വേർഡ് എന്നിവ പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന ഏതെങ്കിലും സ്കൂളിന് യൂസർ നെയിം, പാസ് വേർഡ് എന്നിവ ഇനിയും ലഭ്യമായിട്ടില്ല എങ്കിൽ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസിൽ നിന്നും അവ കരസ്ഥമാക്കേണ്ടതാണ്.

ഇ-ഗ്രാൻസ് മുഖേന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ഈയാഫീസിലേക്ക് സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

TRIBAL DEVLOPMENT OFFICE
Date........
CHALAKUDY, THRISSUR

വിശ്വസ്തതയോടെ,

ട്രൈബൽ ഡവലപ്മെന്റ് ആഫീസർ.

TRIBAL DEVELOPMENT OFFICER
CHALAKUDY_THRISSUR(DT)

കേരള സർക്കാർ

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 33

ഫോൺ-0471-2303229,0471-2304594 ഫാക്സ് - 0471-2302990

ഇ മെയിൽ keralatribes@gmail.com

---

നമ്പർ.സി3. 20124/19 തീയതി 30-12-2019

## സർക്കുലർ

വിഷയം:- പട്ടികവർഗ്ഗ വികസനം - 9,10 ക്ലാസുകളിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരിന്റെ പ്രീ മെട്രിക് സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് ഓൺലൈൻ പ്ലാറ്റ്ഫോം മുഖേന ഡി.ബി.റ്റി. ആയി അനുവദിക്കുന്നതിന് വിദ്യാലയ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് -

സൂചന :- 9,10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരിന്റെ സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച Ministry of Tribal Affairs(MoTA) ന്റെ മാർഗ്ഗനിർദ്ദേശങ്ങൾ

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അംഗീകൃത സ്വകാര്യ സ്കൂളുകളിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ താഴെ ഉള്ളതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് 2019-20 മുതൽ ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേന വിതരണം ചെയ്യുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ~~[illegible]~~ താമസിച്ച് അദ്ധ്യയനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല. സ്കൂൾ പ്രധാന അദ്ധ്യാപകർ അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ www.egrantz.kerala.gov.in എന്ന സ്കോളർഷിപ്പ് പോർട്ടലിലൂടെ ഓൺലൈനായി പട്ടികവർഗ്ഗ വികസന വകുപ്പിന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

നിർദ്ദേശങ്ങൾ:

1. പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പ്രീമെട്രിക്തല വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട പട്ടികജാതി വികസന ആഫീസിൽ ലഭ്യമാക്കിയിട്ടുള്ള

യൂസർ നെയിം, പാസ് വേർഡ് എന്നിവ ഉപയോഗിച്ചാണ് ഇ-ഗ്രാന്റ്സ് പോർട്ടലിൽ ലോഗിൻ ചെയ്യേണ്ടത്.

2. ഇ-ഗ്രാന്റ്സ് Login Credentials ഇനിയും ലഭ്യമായിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട പട്ടികജാതി വികസന ആഫീസർമാരുമായി (ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) ബന്ധപ്പെട്ട് യൂസർ നെയിം, പാസ് വേർഡ് എന്നിവ കരസ്ഥമാക്കാവുന്നതാണ്.
3. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ **"Sampoorna"** പോർട്ടലിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത അംഗീകൃത സ്വകാര്യ സ്കൂളുകൾ കൈറ്റ് (ഐറ്റി@സ്കൂൾ) ജില്ലാ ആഫീസുകളുമായോ, ജില്ലാ കോ- ഓർഡിനേറ്റർമാരുമായോ ബന്ധപ്പെട്ട് Sampoorna രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ്. ഇപ്രകാരം Sampoorna പോർട്ടലിൽ രജിസ്റ്റർ ചെയ്ത ശേഷം മാത്രമേ ഇ-ഗ്രാന്റ്സ് Login Credentials ലഭിക്കുന്നതിന് പട്ടികജാതി വികസന ആഫീസറുമായി ബന്ധപ്പെടേണ്ടതുള്ളൂ.
4. സ്കോളർഷിപ്പിന് അർഹരായ പട്ടികവർഗ്ഗ സമുദായങ്ങളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു.
5. സ്കൂൾ രേഖകൾ പ്രകാരമുള്ള ജാതിയാണ് ഓൺലൈനിൽ എന്റർ ചെയ്യേണ്ടത്.
6. ആവശ്യമെങ്കിൽ പ്രധാനാദ്ധ്യാപകന് റവന്യൂ അധികൃതരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്/വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.
7. ഒരേ ക്ലാസ്സിൽ ആവർത്തിച്ച് പഠിക്കുന്നവർക്ക് ഈ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല.
8. സ്കോളർഷിപ്പ് തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Item | Day Scholars | Hostellers |
|---|---|---|
| Scholarship for 10 months | Rs.150/- per month | Rs.350/- per month |
| Books & Adhoc Grant | Rs.750/- per annum | Rs.1000/- per annum |

അംഗീകൃത സ്വകാര്യ സ്കൂളുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുകയ്ക്ക് പുറമെ താഴെ പറയും പ്രകാരം പ്രത്യേക അലവൻസിനും അർഹതയുണ്ട്.

| Allowances for differently abled students studying in Private Un aided Schools | Amount |
|---|---|
| Reader Allowance for Blind students | Rs.160/- per month |
| Transport allowance for students with disabilities( As defined in the persons with Disabilities Act 1995), if such students do not reside in the hostel it is within the premises of the educational institution. | Rs.160/- per month |
| Escort Allowance for severely disabled(e | Rs.160/- per month |

| | |
|---|---|
| with 80% or higher disability) Day scholar students with low extremity disability | |
| Helper Allowance admissible to any employee of the hostel willing to extend help to a severely orthopaedically handicapped student residing in the hostel of an educational institution who may need the assistance of a helper | Rs.160/- per month |
| Coaching Allowance to Mentally Retarded and Mentally ill students. | Rs.240/- per month |

Note: The disability as defined under the Persons with disabilities Act ( Equal opportunities, Protection of Rights and Full participation Act.1995). has to be certified by competent medical authority of the State Government.

9. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതായതിനാൽ വിദ്യാർത്ഥിയുടെ പേരിൽ ഉള്ളതോ, വിദ്യാർത്ഥിയുടേയും രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടോ മാത്രം എന്റർ ചെയ്യേണ്ടതാണ്. പ്രസ്തുത അക്കൗണ്ട് ലൈവ് ആണെന്ന് ഉറപ്പാക്കുന്നതിനു വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. എന്റർ ചെയ്യുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങളുടെ കൃത്യതയിൽ പ്രധാന അദ്ധ്യാപകരുടെ വ്യക്തിപരമായ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.
10. സർക്കാർ,എയ്ഡഡ് സ്ഥാപനങ്ങൾ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലിസ്റ്റ് ഓൺലൈനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട പ്രോജക്ട് ആഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ആഫീസർക്ക് ഫോർവേർഡ് ചെയ്യേണ്ടതാണ്. ഹാർഡ് കോപ്പി സമർപ്പിക്കേണ്ടതില്ല.
11. അംഗീകൃത സ്വകാര്യ സ്കൂളുകൾ ഡാറ്റാ എൻട്രിക്ക് ശേഷം ലഭ്യമാകുന്ന ലിസ്റ്റിന്റെ പ്രിന്റ് ഔട്ട് ബന്ധപ്പെട്ട DEO ക്ക് സമർപ്പിച്ച് മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട പ്രോജക്ട് ആഫീസർ/ട്രൈബൽ ഡെവലപ്മെന്റ് . ആഫീസർക്ക് ലഭ്യമാക്കേണ്ടതാണ്. ലിസ്റ്റ് ഓൺലൈനായും ഫോർവേർഡ് ചെയ്യേണ്ടതാണ്.
12. ഇ-ഗ്രാന്റ്സ് ഡാറ്റാ എൻട്രി സംബന്ധിച്ച നിർദ്ദേശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഐ.റ്റി.ഡി.പ്രോജക്ട് ആഫീസ്/ട്രൈബൽ ഡെവലപ്മെന്റ് ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

Annexure 1

## SCHEDULED TRIBES LIST

| Sl.no | Caste Name | Sl.no | Caste Name |
|---|---|---|---|
| 1 | Adiyan | 33 | Mala Vettuvan (in Kasargode and Kannur districts) |
| 2 | Aranadan | 34 | Malai Arayan |
| 3 | Arandan | 35 | Malai Pandaram |
| 4 | Cholanaickan | 36 | Malai Vedan |
| 5 | Ervallan | 37 | Malakkuravan |
| 6 | Hill Pulaya | 38 | Malasar |
| 7 | Irulan | 39 | Malayan (excluding the areas comprising the Kasargode, Connanore, Wayanad and Kozhikode District) |
| 8 | Irular | 40 | Malayarayar |
| 9 | Jenu kurumban | 41 | Mannan |
| 10 | Kadar | 42 | Marati (of the Hosdurg and Kasargode taluk of Kasargode District) |
| 11 | Kanikaran | 43 | Mavilan |
| 12 | Kanikkar | 44 | Melakudi |
| 13 | Karavazhi Pulayan | 45 | Mudugar |
| 14 | Karimpalan | 46 | Muduvan |
| 15 | Kattunayakan | 47 | Mulla Kuruman |
| 16 | Kochuvelan | 48 | Mullu Kuruman |
| 17 | Konga Malayan (excluding the areas comprising the Kasargode, Connanore, Wayanad and Kozhikode District) | 49 | Muthuvan |
| 18 | Koraga | 50 | Nattu Malayan (excluding the areas comprising the Kasargode, Connanore, Wayanad and Kozhikode District) |
| 19 | Kudiya | 51 | Paliyan |
| 20 | Kurichchan | 52 | Palleyan |
| 21 | Kurichiyan | 53 | Palliyan |
| 22 | Kurumans | 54 | Palliyar |
| 23 | Kurumba Pulayan | 55 | Pamba Pulayan |
| 24 | Kurumban | 56 | Paniyan |
| 25 | Kurumbar | 57 | Ten Kurumban |
| 26 | Kurumbas | 58 | Tachanadan |
| 27 | Maha Malasar | 59 | Tachanadan Moopan |
| 28 | Mala Arayan | 60 | Ulladan |
| 29 | Mala Kuruman | 61 | Ullatan |
| 30 | Mala Panickar | 62 | Uraly |
| 31 | Mala Pulayan | 63 | Vetta Kuruman |
| 32 | Malavedan | 64 | Wayanad Kadar |

Sd/-
Director

Shumin S Babu
Assistant Director(Edu)

ANNEXURE-II

5/2/2020

# ഇ-ഗ്രാന്റ്സ് 3.0

## പട്ടികവർഗ്ഗ വികസന വകുപ്പ്
## 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്രസർക്കാരിന്റെ പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം

Date 10/1/2020
CHALAKUDY THRISSUR

## സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള ഇ-ഗ്രാന്റ്സ് മാർഗ്ഗരേഖ

10/1/2020

• വിദ്യാഭ്യാസാനുകൂല്യം ലഭ്യമാക്കുന്നതിനായി ഇ-ഗ്രാൻസ് 3.0 പോർട്ടൽ മുഖേന വിവരങ്ങൾ സമർപ്പിക്കുന്നതിന് സ്കൂൾ തലത്തിൽ ക്ലാർക്ക്, സ്ഥാപനമേധാവി എന്നിങ്ങനെ 2 ലോഗിനുകളാണ് ഉള്ളത്. സ്കൂൾ തല ലോഗിൻ ഐ.ഡി, പാസ് വേർഡ് എന്നിവ ലഭ്യമാക്കുന്നത് ബന്ധപ്പെട്ട പട്ടികജാതി വികസന ആഫീസർമാരാണ് (SCDO). പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ഡാറ്റ എൻട്രിക്കായി ലഭ്യമാക്കിയിട്ടുള്ള അതേ ലോഗിൻ ലഭ്യമായാൽ ആദ്യം സ്ഥാപന മേധാവിയുടെ (HM/Principal) ലോഗിനിൽ വഴി സ്ഥാപനത്തിലെ ക്ലാസ്സുകൾ എല്ലാം Add ചെയ്യണം അതിനു ശേഷം ക്ലാർക്കിന്റെ ലോഗിൻ വഴി വിദ്യാർത്ഥികളുടെ വിവരങ്ങൾ എന്റർ ചെയ്യാവുന്നതാണ്. ഡാറ്റ എന്റർ ചെയ്യുന്നതിനും, ഫോർവേഡ് ചെയ്യുന്നതിനും ഉള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

### ക്ലാർക്കിന്റെ ലോഗിൻ

**1.Add New Student/ പുതിയതായി വിദ്യാർത്ഥികളെ ഉൾപ്പെടുത്താൻ**

- ഹോം പേജിൽ Add New Student എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക.
- വിദ്യാർത്ഥിയുടെ പേര്, ആധാർ നമ്പർ എന്നീ അടിസ്ഥാന വിവരങ്ങൾ എന്റർ ചെയ്യുക. (ആധാർ ഇല്ലാത്തവർക്ക് ആധാർ സംബന്ധമായ വിവരങ്ങൾ എന്റർ ചെയ്യാതെ സ്ഥാപനം മുഖേന തന്നെ ഡാറ്റ എന്റർ ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രോജക്ട് ഓഫീസ്/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.
- Validate Adhaar എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
- തുടർന്ന് വരുന്ന ജാലകത്തിൽ അഡ്മിഷൻ നമ്പർ നൽകി get details എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. ഇപ്പോൾ സമ്പൂർണ്ണ സോഫ്റ്റ് വെയറിൽ നിന്നുള്ള വിദ്യാർത്ഥിയുടെ പ്രാഥമിക വിവരങ്ങൾ അടങ്ങിയ പേജ് ലഭ്യമാകും.
- സമ്പൂർണ്ണയിൽ ലഭ്യമല്ലാത്ത വിവരങ്ങൾ ഈ പേജിൽ രേഖപ്പെടുത്തുക.

- ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.
- മറ്റ് വിവരങ്ങൾ(Other Details) രേഖപ്പെടുത്താനുള്ള ഭാഗമായ പേജ് ലഭിക്കുന്നു.
- രക്ഷകർത്താവിന്റെ വിവരങ്ങൾ, (പേര്, വിലാസം, ജാതി, തൊഴിൽ) രക്ഷകർത്താവുമായുള്ള ബന്ധം, വാർഷിക വരുമാനം തുടങ്ങിയ വിവരങ്ങൾ എന്റർ ചെയ്യുക.
- ശേഷം Next ബട്ടൺ ക്ലിക്ക് ചെയ്യുക.
- ബാങ്ക് അക്കൗണ്ട് സംബന്ധമായ വിവരങ്ങൾ ചേർക്കുന്നതിനുള്ള പേജ് ലഭിക്കുന്നു. അക്കൗണ്ട് സംബന്ധമായ വിവരങ്ങളിലെ ന്യൂനത തുക ട്രാൻസ്ഫർ ചെയ്യുമ്പോൾ Rejection ന് കാരണമാകും, ആയതിനാൽ കൃത്യമായ വിവരങ്ങളാണ് ചേർക്കുന്നതെന്ന് പ്രത്യേകം ഉറപ്പാക്കണം. ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്/ അക്കൗണ്ട് സംബന്ധമായ വിവരങ്ങൾ ചേർത്ത ബാങ്കിന്റെ സീൽ കൂടി പതിച്ച രേഖ സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രേഖയുടെ അടിസ്ഥാനത്തിലാണ് വിവരങ്ങൾ ചേർക്കേണ്ടത്.
- ബാങ്കിന്റെ ബ്രാഞ്ച് സ്ഥിതി ചെയ്യുന്ന ജില്ല, ബാങ്കിന്റെ പേര്, ബ്രാഞ്ചിന്റെ പേര്, അക്കൗണ്ട് നമ്പർ എന്നിവ രേഖപ്പെടുത്തുക. ബാങ്ക്, ബ്രാഞ്ച് എന്നിവ ശരിയായി നൽകിയാൽ IFSC തനിയെ ലഭ്യമാകും.
- വിദ്യാർത്ഥിയുടെ പേരിലുള്ളതോ അല്ലെങ്കിൽ വിദ്യാർത്ഥിയുടെയും രക്ഷാകർത്താവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടോ മാത്രമേ ചേർക്കാൻ പാടുള്ളൂ.
- വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം Save ബട്ടൺ ക്ലിക്ക് ചെയ്യുക.

## 2.Apply for Scholarship/Grant-ഗ്രാന്റിന് അപേക്ഷ സമർപ്പിക്കുവാൻ

- ഹോം പേജിൽ Apply for Scholarship/Grant എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.
- സ്കീം, ക്ലാസ്സ്, ക്ലാസ് അവസാനിക്കുന്ന വർഷം എന്നിവ സെലക്ട് ചെയ്യുക.
- പ്രസ്തുത സ്കീമിന് അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാകും.
- ലിസ്റ്റ് പരിശോധനിച്ച് ഉറപ്പുവരുത്തിയ ശേഷം Apply ബട്ടൺ ക്ലിക്ക് ചെയ്യുക.

HM/Principal ലോഗിൻ

- ക്ലാർക്ക് ലോഗിനിൽ നിന്നും ഫോർവേഡ് ചെയ്യുന്ന അപേക്ഷകൾ പ്രിൻസിപ്പാളിന്റെ ലോഗിനിലെ Verification എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് Verify ചെയ്തതിന് ശേഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്.
- സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങൾ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ലിസ്റ്റ് ഓൺ ലൈൻ ആയി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. ഹാർഡ് കോപ്പി സമർപ്പിക്കേണ്ടതില്ല.
- സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അഫിലിയേറ്റഡ് സ്കൂളുകൾ ഡാറ്റാ എൻട്രിയ്ക്ക് ശേഷം ലഭ്യമാകുന്ന ലിസ്റ്റിന്റെ പ്രിന്റ് ഔട്ട് സ്ഥാപനമേധാവിയുടെ ഒപ്പും സീലും സഹിതം ബന്ധപ്പെട്ട DEOയ്ക്ക് സമർപ്പിച്ച് മേലൊപ്പ് ചാർത്തി പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് ലഭ്യമാക്കേണ്ടതാണ്. ലിസ്റ്റ് ഓൺലൈൻ ആയും ഫോർവേഡ് ചെയ്യേണ്ടതാണ്.

ഒപ്പ്/-
ഡയറക്ടർ

ആജ്ഞാനുസരണം

ഷുഹിൻ.എസ്.ബാബു
അസിസ്റ്റന്റ് ഡയറക്ടർ(വിദ്യാഭ്യാസം)

എം.എസ്. 30.12.19